ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:14.10.2025

## പ്രധാനവാർത്തകൾ

1. മംഗോളിയൻ പൗരന്മാർക്ക് സൗജന്യ ഇ-വിസ നൽകാൻ ഇന്ത്യ തീരുമാനിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. മംഗോളിയൻ പ്രസിഡൻറുമായി പ്രധാനമന്ത്രി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.
2. ഗൾഫ് രാജ്യങ്ങളിലെ സന്ദർശനത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ നാളെ യാത്ര തിരിക്കും.
3. മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പാക്കുമെന്ന് വനം മന്ത്രി എ.കെ. ശശീന്ദ്രൻ.
4. കുന്നംകുളം മുൻ എംഎൽഎ ബാബു എം പാലിശേരി അന്തരിച്ചു.
5. കണ്ണൂർ ശ്രീകണ്ഠപുരത്ത് ഇടിമിന്നലേറ്റ് രണ്ട് അതിഥി തൊഴിലാളികൾ മരിച്ചു. 3 പേർക്ക് പരിക്ക്.
6. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ വ്യാപക മഴയ്ക്ക് സാധ്യത. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

PNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

മംഗോളിയൻ പ്രസിഡന്റ് ഇൻട്രോ)

മംഗോളിയൻ പൗരന്മാർക്ക് സൗജന്യ ഇ-വിസ നൽകാൻ ഇന്ത്യ തീരുമാനിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. മംഗോളിയൻ പ്രസിഡൻറ് ഖുറേൽസുഖ് ഉഖ്നയുമായി ന്യൂഡൽഹിയിൽ നടത്തിയ

കൂടിക്കാഴ്ചയിലാണ് പ്രധാനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത് . വിവിധ ധാരണാപത്രങ്ങളും ഇരുരാജ്യങ്ങളും കൈമാറി. ഇന്ത്യയും മംഗോളിയയും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിൻറെ 70-ാം വാർഷികം അടയാളപ്പെടുത്തുന്ന സ്മരണികാ സ്റ്റാമ്പുകളും നേതാക്കൾ സംയുക്തമായി പുറത്തിറക്കി. ഇന്ത്യയും മംഗോളിയയും തമ്മിലുള്ള ബന്ധം നയതന്ത്രപരം മാത്രമല്ലെന്നും ആത്മീയതലം കൂടി അതിനുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയ്സ്.......പി എം)

നാല് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ഇന്നലെ ന്യൂഡൽഹിയിലെത്തി മംഗോളിയൻ പ്രസിഡൻറ് ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമുവുമായും കൂടിക്കാഴ്ച നടത്തും. രാഷ്ട്രപതി ഭവനിൽ അദ്ദേഹത്തിന് അത്താഴവിരുന്നും ഒരുക്കിയിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸☸☸

**മുഖ്യമന്ത്രി - ഗൾഫ് സന്ദർശനം**

ഗൾഫ് രാജ്യങ്ങളിലെ സന്ദർശനത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ നാളെ യാത്ര തിരിക്കും. ബഹ്റിൻ, ഒമാൻ, ഖത്തർ, കുവൈത്ത്, UAE എന്നീ രാജ്യങ്ങളാണ് മുഖ്യമന്ത്രി സന്ദർശിക്കുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸☸☸

**മന്ത്രി എ.കെ. ശശീന്ദ്രൻ**

മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കാൻ ദീർഘകാലാടിസ്ഥാന ത്തിലുള്ള പദ്ധതികൾ നടപ്പാക്കുമെന്ന് വനം മന്ത്രി എ.കെ. ശശീന്ദ്രൻ. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നത് സംബന്ധിച്ച മൂന്നാം ഘട്ട അവലോകന യോഗം ഇടുക്കി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വനം വകുപ്പ് ഉദ്യോഗസ്ഥരും ജനങ്ങളും തമ്മിലുള്ള സൗഹൃദം മുൻപത്തേക്കാൾ മെച്ചപ്പെട്ട തായും മന്ത്രി പറഞ്ഞു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്ന തിനായി 45 ദിവസം നീളുന്ന തീവ്രയജ്ഞ പരിപാടി വനംവകുപ്പ് മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കി വരികയാണെന്നും അദ്ദേഹം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM

**വീണാ ജോർജ്**

2031-ഓടെ എല്ലാവർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന സംസ്ഥാന മാക്കി കേരളത്തെ മാറ്റുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. സ്പെഷ്യാലിറ്റി ചികിത്സകൾ വികേന്ദ്രീകരിക്കു മെന്നും അടിസ്ഥാന സൗകര്യ വികസനം കൂടുതൽ മെച്ചപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. തിരുവല്ലയിൽ നടന്ന വിഷൻ 2031- ആരോഗ്യ സെമിനാറിൽ നയരേഖ അവതരിപ്പിക്കുകയായിരുന്നു മന്ത്രി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**സജി ചെറിയാൻ**

മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുമെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ . മത്സ്യത്തൊഴിലാളികളും അനുബന്ധതൊഴിലാളികളും ക്ഷേമനിധിയിൽ അടച്ച അംശാദായവും അനുയോജ്യമായ സർക്കാർ വിഹിതവും ചേർത്താണ് വിരമിക്കൽ ആനുകൂല്യം നൽകുക. 67,000 പേർക്കാണ് ആനുകൂല്യം അനുവദിക്കു ന്നത്. ഒരു തവണയെങ്കിലും അംശദായം അടച്ച അംഗത്തിന് ഏറ്റവും കുറഞ്ഞത് 1000 രൂപയുടെ ആനുകൂല്യം ലഭിക്കുമെന്ന് മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

**ബാബു എം.പാലിശ്ശേരി അന്തരിച്ചു**

കുന്നംകുളം മുൻ എംഎൽഎ ബാബു എം പാലിശേരി അന്തരിച്ചു. 67 വയസ്സായിരുന്നു .കുന്നംകുളം മണ്ഡലത്തെ രണ്ടുതവണ പ്രതിനിധാനം ചെയ്ത അദ്ദേഹം ഏറെ നാളായി അസുഖബാധിതനായി ചികിത്സ യിലായിരുന്നു. സിപിഐ എം തൃശൂർ ജില്ലാ സെക്രട്ടറിയേറ്റ് അംഗമായും കുന്നംകുളം ഏരിയ സെക്രട്ടറിയായും ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. ബാബു എം പാലിശ്ശേരിയുടെ വേർപാടിൽ മുഖ്യമന്ത്രി പിണറായി വിജയനും മറ്റ് നേതാക്കളും അഗാധമായ ദുഃഖം രേഖപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**ജിതേന്ദ്ര സിംഗ്**

തിരുവനന്തപുരത്തെ സിഎസ്ഐആർ-NIIST സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ കേന്ദ്രസഹ മന്ത്രി ജിതേന്ദ്ര സിംഗ് നാളെ മുഖ്യാതിഥിയാകും. ക്യാംപസിൽ നിർമ്മിച്ച സുവർണ ജൂബിലി ഇന്നൊവേഷൻ സെൻറർ, നോഡൽ-ഹബ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് ലബോറട്ടറി എന്നിവയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**എം ബി രാജേഷ്**

കേരളത്തിലെ തൊഴിൽ രംഗത്തെ സ്ത്രീകളുടെ പങ്കാളിത്തം അടുത്ത 10 വർഷത്തിനുള്ളിൽ ഇരുപതിൽ നിന്നും അൻപത് ശതമാനമായി ഉയർത്തുകയാണ് കുടുംബശ്രീയുടെ ലക്ഷ്യമെന്ന് മന്ത്രി എം ബി രാജേഷ്. വനിതാ കമ്മീഷൻ സംഘടിപ്പിച്ച മുഖാമുഖം പരിപാടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കഴിവിനും അഭിരുചിക്കും അനുസൃതമായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നൈപുണ്യ പരിശീലനമാണ് കുടുംബശ്രീ ഇപ്പോൾ നൽകിവരുന്നതെന്നും മന്ത്രി പറഞ്ഞു.

PNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല. പി.എസ്.പ്രശാന്ത്.**

പുകമറ സൃഷ്ടിച്ച് ദേവസ്വം ബോർഡ് ക്ഷേത്രങ്ങളെ തകർക്കാനുള്ള ശ്രമങ്ങൾ അപലപനീയമാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ്. നിലവിലെ അന്വേഷണത്തിൽ പൂർണ്ണതൃപ്തിയാണുള്ളതെന്നും, കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടണമെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്.പ്രശാന്ത് പറഞ്ഞു . ശബരിമലയുമായി ബന്ധപ്പെട്ട കഴിഞ്ഞ 30 വർഷത്തെ എല്ലാ ക്രമക്കേടുകളും അന്വേഷിക്കണമെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി. രമേശ് ആവശ്യപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**ഹിജാബ്**

കൊച്ചി പള്ളുരുത്തി സെൻറ് റീത്താസ് പബ്ലിക് സ്കൂളിലെ ഹിജാബ് വിവാദത്തിൽ സമവായം. സ്കൂൾ നിയമാവലികൾ പാലിച്ച് ഇവിടെത്തന്നെ പഠനം തുടരാൻ ആഗ്രഹിക്കുന്നതായി കുട്ടിയുടെ പിതാവ് സമവായ ചർച്ചയിൽ അറിയിച്ചതായി ഹൈബി ഈഡൻ എം പി പറഞ്ഞു. വിവാദ ങ്ങളുടെ പശ്ചാത്തലത്തിൽ സെൻറ് റീത്താസ് സ്കൂളിന് ഹൈകോടതി പോലീസ് സംരക്ഷണം അനുവദിച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**പത്മ തീർത്ഥക്കുളം ( ഇൻട്രോ)**

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ, പത്മ തീർത്ഥക്കുള ത്തിൽ നിന്നും മത്സ്യങ്ങളെ മാറ്റുന്ന നടപടി ആരംഭിച്ചു. ക്ഷേത്രക്കുള ത്തിൽ ചില അവസരങ്ങളിൽ മത്സ്യങ്ങൾ ചത്തുപൊങ്ങുന്ന സാഹചര്യ ത്തിൽ ഫിഷറീസ് വകുപ്പ് പരിശോധന നടത്തിയതിനെ തുടർന്നാണ് നടപടി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്...**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁

**ഹിന്ദി മാസാചരണം**

ആകാശവാണി തിരുവനന്തപുരം നിലയത്തിൽ നടന്ന ഹിന്ദി മാസാചരണ പരിപാടികൾക്ക് ഇന്ന് സമാപനമായി. വിരമിച്ച എൻ സി സി ഗ്രൂപ്പ് കമാൻഡർ കേണൽ ആർ ജി നായർ സമാപന ചടങ്ങിൽ മുഖ്യ അതിഥി യായി. വിവിധ ഹിന്ദി മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ ചടങ്ങിൽ വിതരണം ചെയ്തു. നിലയം മേധാവി എ. ജി ബൈജു ചടങ്ങിന് അധ്യക്ഷത വഹിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**കണ്ണൂർ -ഇടിമിന്നൽ**

RNU TVPM

കണ്ണൂർ ശ്രീകണ്ഠപുരത്ത് ഇടിമിന്നലേറ്റ് രണ്ട് അതിഥി തൊഴിലാളികൾ മരിച്ചു. 3 പേർക്ക് പരിക്കേറ്റു. ഉച്ചയ്ക്ക് രണ്ടരയോടെ ആയിരുന്നു അപകടം. ചെങ്ങളായി കാക്കണം പാറയിലേ ചെങ്കൽ പണയിൽ ജോലി ചെയ്യുന്ന തിനിടയിലാണ് ഇവർക്ക് മിന്നൽ ഏറ്റത്.

☸☸☸☸☸☸☸☸☸☸☸☸☸☸☸

**മഴ**

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ വ്യാപക മഴയ്ക്ക് സാധ്യത. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത നൽകി. നാല് ജില്ലകളിൽ നാളെയും, 8 ജില്ലകളിൽ മറ്റന്നാളും മഞ്ഞ ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ ഈ മാസം 18 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി മറ്റന്നാൾ രാത്രി വരെ തിരുവനന്തപുരം, കൊല്ലം തീരങ്ങളിൽ കടലാക്രമണത്തിന് സാധ്യതയുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸☸☸

**സ്വർണ വില/ഓഹരി വിപണി**

സ്വർണ വിലയിൽ റെക്കോഡ് വർധന. ഇന്ന് മൂന്ന് തവണയാണ് വിലയിൽ മാറ്റമുണ്ടായത്. ആദ്യം പവന് 2,400 രൂപ കൂടിയത് പിന്നീട് 1200 രൂപ കുറഞ്ഞു. വീണ്ടും 960 രൂപ കൂടി പവന് 94,120 രൂപയും ഗ്രാമിന് 11,765 രൂപയുമാണ് ഇന്നത്തെ വില.രാജ്യത്തെ ഓഹരി വിപണികളിൽ വൻ ഇടിവ്. സെൻസെക്സ് 297 പോയിൻറ് നഷ്ടത്തിൽ 82,029 ലും, നിഫ്റ്റി 82 പോയിൻറ് ഇടിഞ്ഞ് 25,145ലും വ്യാപാരം അവസാനിപ്പിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸

**മാവോയിസ്റ്റ് -ഇടുക്കി**

2021ൽ ബോംബ് സ്ഫോടനത്തിലൂടെ മൂന്ന് പൊലീസുകാരെ കൊലപ്പെടുത്തിയ മാവോയിസ്റ്റ് ഇടുക്കി മൂന്നാറിൽ പിടിയിൽ. ഝാർഖണ്ഡ് സ്വദേശി സഹൻ ടുടി ദിനബു ആണ് പിടിയിലായത്. കൊച്ചി, റാഞ്ചി യുണിറ്റുകളിലെ

RNU TVPM

എൻഐഎ ഉദ്യോഗസ്ഥരാണ് പ്രതിയെ പിടികൂടിയത്. ഝാർഖണ്ഡിൽ നിന്ന് രക്ഷപ്പെട്ട് മൂന്നാർ ഗൂഡാർവിള എസ്റ്റേറ്റിൽ അതിഥി തൊഴിലാളിയായി ജോലി ചെയ്തു വരികയായിരുന്നു. ഒന്നര വർഷം മുമ്പാണ് സഹൻ കേരളത്തിൽ എത്തിയതെന്നും, ഒപ്പം കൂടുതൽ ആളുകൾ സംസ്ഥാനത്ത് എത്തിയിട്ടുണ്ടെന്നുമാണ് നിഗമനം.

☸☸☸☸☸☸☸☸☸☸☸☸☸☸☸

**വെടിയേറ്റ് മരിച്ച നിലയിൽ**

പാലക്കാട് കല്ലടിക്കോട് രണ്ടുപേരെ വെടിയേറ്റ് മരിച്ച നിലയിൽ കണ്ടെത്തി. മൂന്നേക്കർ മരുതംകാട് സ്വദേശികളായ ബിനു, നിധിൻ എന്നിവരാണ് മരിച്ചത്. മൃതദേഹങ്ങളുടെ സമീപത്ത് നിന്ന് നാടൻ തോക്കും കണ്ടെടുത്തു. അന്വേഷണം നടന്നുവരുന്നതായി പോലീസ് പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸☸☸

RNUTVPM

**വധക്കേസ് പ്രതി ചെന്താമര**

നെന്മാറ സജിത വധക്കേസിൽ പ്രതി ചെന്താമര കുറ്റക്കാരനെന്ന് പാലക്കാട് അഡിഷണൽ ജില്ലാ കോടതി. ശിക്ഷാവിധി മറ്റന്നാൾ പ്രഖ്യാപിക്കും. 2019 ലാണ് അയൽവാസിയായ സജിതയെ ചെന്താമര കൊലപ്പെടുത്തിയത്. ഈ കേസിൽ ജാമ്യത്തിലിറങ്ങിയ പ്രതി സജിതയുടെ ഭർത്താവ് സുധാകരൻ, അമ്മ ലക്ഷ്മി എന്നിവരെ കൊലപ്പെടുത്തിയ കേസിൽ ഈ വർഷമാദ്യം അറസ്റ്റിലായിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸

☸☸☸☸☸